**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **18-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ്,<br>ശ്രീ . കെ . ബാബു,<br>ശ്രീ . കാരാട്ട് റസാഖ് ,<br>ശ്രീ ഒ . ആർ. കേളു | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ അപര്യാപ്തയും തന്മൂലം പഠന നിലവാരത്തിലുണ്ടായ തകർച്ചയും നിമിത്തം രൂക്ഷമായ പ്രതിസന്ധി നേരിട്ടിരുന്ന സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ബൃഹത് പദ്ധതി നടപ്പിലാക്കി അടിസ്ഥാന സൗകര്യങ്ങളിലും അദ്ധ്യയന നിലവാരത്തിലും അത്ഭുതാവഹമായ മാറ്റങ്ങൾ വരുത്തി അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 66 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 220 സ്കൂളുകളിൽ 44 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500 നും 1000നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായ ത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി ആയി കിലയെ ചുമതലപ്പെടുത്തി യിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള 45000 ക്ലാസ് മുറികളിൽ ഹൈടെക്കാക്കുന്ന പദ്ധതി, 'ഹൈടെക് ലാബ്" - ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനു സരിച്ച് ഐ.ടി ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി എന്നിവയും നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനം കൈവരിച്ച ഈ നേട്ടങ്ങളുടെ അംഗീകാരമായി ലോക ബാങ്ക് സഹായത്തോടെയുള്ള സ്റ്റാഴ്സ് പദ്ധതി ഇന്ത്യയിലെ 6 സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നുണ്ട്. |
| (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാനുകൾ, പ്രവർത്തന പദ്ധതികൾ എന്നിവ അടിസ്ഥാനമാക്കി അദ്ധ്യാപകർക്കായി എന്തെല്ലാം പരിശീലന പരിപാടികളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ ? | (സി) | ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിന് അനുഗുണമായി അധ്യാപകരെ പരിശീലിപ്പിക്കാൻ പല തലങ്ങളിലുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സമഗ്ര ശിക്ഷ കേരളയുടെ ആഭിമുഖ്യത്തിൽ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. അക്കാദമിക മാസ്റ്റർപ്ലാൻ, നിർവ്വഹണ പ്ലാൻ എന്നിവ തയ്യാറാക്കുന്ന കാര്യവും പരിശീലന മോഡ്യൂളിന്റെ ഭാഗമാണ്. കൂടാതെ എസ്.എസ്.കെയുടെ നേതൃത്വത്തിലും ആവശ്യകതയുടെ അടിസ്ഥാനത്തിൽ ബി.ആർ.സി തലത്തിൽ പരിശീലനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താ നാവശ്യമായ പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ വിദ്യാഭ്യാസ മേഖലയിൽ ആഴത്തിൽ അറിവുള്ള ഒരു സംഘം അധ്യാപകരെ വാർത്തെടുക്കുവാൻ സഹായകമായ അധ്യാപക പരിവർത്തന പദ്ധതി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ